**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3573** **15-02-2024 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ ജില്ലയിലെ ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ റീസർവ്വേ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും നാളിതുവരെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളിൽ 2 വില്ലേജുകളുടെ സർവ്വെ അതിരടയാള നിയമം 9(2) പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 9 വില്ലേജുകളുടെ 90% സർവ്വെ ജോലികളും 6 വില്ലേജുകളുടെ 70-90% സർവ്വെ ജോലികളും ബാക്കി വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലുമാണ്. പ്രസ്തുത 23 വില്ലേജുകളിലായി നാളിതുവരെ 11,600 ഹെക്ടർ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വെയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 23 വില്ലേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഒന്നാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വെ പൂർത്തിയാകുന്ന മുറയ്ക്ക് രണ്ടാം ഘട്ടത്തിലെ വില്ലേജുകളുടെ സർവ്വെ ആരംഭിക്കുന്നതാണ്. |
| (ബി) | ജില്ലയിൽ റീസർവ്വേ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലയിൽ ഡിജിറ്റൽ സർവ്വെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളിലായി നാളിതുവരെ 11,600 ഹെക്ടർ സർവ്വെ പൂർത്തീകരിച്ചിട്ടുണ്ട്. ടി വില്ലേജുകളുടെ റീസർവ്വെ ജോലികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിച്ചുവരുന്നു. ഡിജിറ്റൽ സർവ്വെയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിലെ 23 വില്ലേജുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാനത്തെ 1550 വില്ലേജുകളുടെ ഡിജിറ്റൽ സർവ്വെ നാല് വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |
| (സി) | മണലൂർ മണ്ഡലത്തിലെ റീസർവ്വേ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ? | (സി) | ഡിജിറ്റൽ റീസർവ്വെയുടെ ആദ്യഘട്ടത്തിൽ മണലൂർ മണ്ഡലത്തിലെ കാരമുക്ക്, മനക്കൊടി എന്നീ വില്ലേജുകളാണ് തിരഞ്ഞെടുത്തിട്ടുള്ളത്. നാളിതുവരെ കാരമുക്ക് വില്ലേജിലെ 378.78 ഹെക്ടറും, മനക്കൊടി വില്ലേജിലെ 489.74 ഹെക്ടറും സർവ്വെ പൂർത്തിയാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തിയിട്ടുള്ള ബ്രഹ്മകളം വില്ലേജിന്റെ ജോലികൾ പ്രാരംഭഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ